I/4482/2023

**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (റൂറൽ) നടപടിക്രമം**

**[ഹാജർ : എച്ച്. ദിനേശൻ IAS]**

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് - വിവിധ വായ്പ്പകൾ -വിവിധ വിഭാഗം ഉദ്യോഗസ്ഥർക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ .LSGD/PD/3577/2023-KPF8 തീയതി: 30/03/2023**

പരാമർശം:

1. 01/09/2014 തീയതിയിലെ സ.ഉ.(സാധാ) നം.2293/2014/ ത.സ്വ.ഭ.വ
2. 30/03 /2019 ലെ ജി.ഓ.(പി ) നം. 37/2019/ഫിൻ
3. 31/05/2029 ലെ ജി.ഓ.(പി ) നം. 64/2019/ഫിൻ
4. 26/07/2019 തീയതിയിലെ PAN/174001/2019/PF8 (DP) നംപർ കത്ത്
5 10/12/2020 ലെ ഇ പി ബി 1/238/2019 ത സ്വ ഭ വ നമ്പർ കത്ത്

കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നും, വിവിധ ഇനത്തിൽ വായ്പ്പകൾ അനുവദിക്കുന്നതിന് വിവിധ തലത്തിനുള്ള ഉദ്യോഗസ്ഥരെ പരാമർശം (1) പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (2). (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽവിവിധ തലത്തിനുള്ള ഉദ്യോഗസ്ഥർക്ക് GPF-ൽ നിന്നും അനുവദിക്കാവുന്ന വായ്പ്പാ തുകയുടെ പരിധി ഭേതഗതി വരുത്തി ഉത്തരവായിരുന്നു.

കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും താത്കാലിക വായ്പ, തിരിച്ചടവില്ലാത്ത പിൻവലിക്കൽ, തിരിച്ചടവില്ലാത്ത പിൻവലിക്കലായുള്ള പരിവർത്തനം എന്നിവ അനുവദിക്കുന്നതിന് വിവിധ തലത്തിനുള്ള ഉദ്യോഗസ്ഥർക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവാകുന്നതിന്, പരാമർശം (4) കത്ത് മുഖേന ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഈ ആഫീസിൽ നിന്നും നൽകിയ പ്രൊപ്പോസലിന് പരാമർശം (5) പ്രകാരം തിരിച്ചടവില്ലാത്ത പിൻവലിക്കൽ, തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ ആയുള്ള പരിവർത്തനം എന്നിവ പരിഷ്കരിക്കുന്നതിന് ഓഫീസ് ഉത്തരവ് പുറപ്പെടുവിപ്പിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് പ്രോവിഡന്റ് ഫണ്ട് റൂൾസ്- 1976 റൂൾ 3 (ബി) അനുസരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് [നിലവിൽ ഡയറക്ടർ LSGD(റൂറൽ)] ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ, ഡയറക്ടർക്ക് വേണ്ടി ഫണ്ട് കൈകാര്യം ചെയ്യാൻ അധികാരപ്പെടുത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

2014 നു ശേഷം വിവിധ തലത്തിനുള്ള ഉദ്യോഗസ്ഥർക്ക് അനുവദിക്കാവുന്ന തുകയുടെ പരിധി ഉയർത്താത്തത് മൂലം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് ജില്ലകളിൽ നിന്നും അയക്കുന്ന വിവിധ വായ്പ്പകൾക്കുള്ള അപേക്ഷകളുടെ എണ്ണം വളരെയേറെ വര്ദ്ധിച്ചിട്ടുള്ളതായും ആയതുമൂലം അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ കഴിയാതെ വരുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിച്ച ജീവനക്കാർക്ക് വേഗത്തിൽ വായ്പ്പകൾ ലഭ്യമാക്കുന്നതിനു കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും താത്കാലിക വായ്പ, തിരിച്ചടവില്ലാത്ത പിൻവലിക്കൽ, തിരിച്ചടവില്ലാത്ത പിൻവലിക്കലായുള്ള പരിവർത്തനം എന്നിവ അനുവദിക്കുന്നതിന് വിവിധ തലത്തിനുള്ള ഉദ്യോഗസ്ഥർക്ക് നിശ്ചയിചിട്ടുള്ള തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. മാത്രമല്ല ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നതോട് കൂടി ജില്ലകളിൽ വകുപ്പിന്റെ ഉദ്യോഗസ്ഥ മേധാവിയായി ജോയിന്റ് ഡയറക്ടർമാർ നിയമിക്കപ്പെട്ടിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ പി. എഫ് വായ്പ്പകൾ അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നൽകുന്നതാകും ഉചിതമെന്നും കാണുന്നു.

മേൽ സാഹചര്യത്തിൽ 1976 ലെ കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് റൂൾസ് ചട്ടം 3 (ബി) അനുസരിച്ച് കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി നിലവിൽ

I/4482/2023

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുള്ള അധികാരം തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നൽകിയും, വിവിധ തലത്തിനുള്ള ഉദ്യോഗസ്ഥർക്ക് കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും താത്കാലിക വായ്പ, തിരിച്ചടവില്ലാത്ത പിൻവലിക്കൽ, തിരിച്ചടവില്ലാത്ത പിൻവലിക്കലായുള്ള പരിവർത്തനം എന്നിവ അനുവദിക്കുന്നതിനുള്ള തുകയുടെ പരിധി ചുവടെ പറയും പ്രകാരം പരിഷ്കരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നം. | വിഭാഗം | വായ്പ/പിൻവലിക്കൽ | നിലവിലെ പരിധി | പുതുക്കിയ പരിധി |
|---|---|---|---|---|
| 1 | ജില്ലാ ജോയിന്റ് ഡയറക്ടർ | താൽക്കാലിക വായ്പ | *2,25,000 (*നിലവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുള്ള അധികാരം) | 5,00,000 |
| | | തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ/ തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ ആയുള്ള പരിവർത്തനം | നിലവിൽ അധികാരം ഇല്ല | 3,00,000 |
| 2 | അഡീഷണൽ ഡയറക്ടർ | താൽക്കാലിക വായ്പ | 3,00,000 | 7,00,000 |
| | | തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ/ തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ ആയുള്ള പരിവർത്തനം | 3,00,000 | 7,00,000 |
| 3 | ഡയറക്ടർ (റൂറൽ) | താൽക്കാലിക വായ്പ/ തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ/ തിരിച്ചടക്കേണ്ടതില്ലാത്ത പിൻവലിക്കൽ ആയുള്ള പരിവർത്തനം/ അക്കൗണ്ട് തീർപ്പാക്കൽ/മറ്റ പി എഫുകളിലേക്കുള്ള ട്രാൻസ്ഫർ ക്രഡിറ്റ് | പരിധി ഇല്ല | പരിധി ഇല്ല |
| | | | | |

ഈ ഉത്തരവ് 01/04/2023 തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**H. DINESHAN IAS**
**DIRECTOR**

പകർപ്പ് :
1. അഡീഷണൽ ചീഫ് സെക്രട്ടറി, LSGD (ആമുഖ കത്ത് സഹിതം)
2. അക്കൌണ്ടന്റ് ജനറൽ (ആമുഖ കത്ത് സഹിതം)

3. പ്രിൻസിപ്പൽ ഡയറക്ടർ, PD LSGD
4. ട്രഷറി ഡയറക്ടർ (ആമുഖ കത്ത് സഹിതം)
5 അഡീഷണൽ ഡയറക്ടർ (DE) PD LSGD
6 എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by H. Dineshan Ias
Date: 30-03-2023 14:35:15